# പതിനാലാം കേരളനിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3066 10.03.2017- ൽ മറുപടിക്ക്

## വില്ലേജാഫീസുകളിൽ നിന്നും നൽകുന്ന വിവിധ സർട്ടിഫിക്കറ്റുകളുടെ കാലാവധി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എ.പി. അനിൽ കുമാർ**<br>**ശ്രീ.ഐ.സി.ബാലകൃഷ്ണൻ** | **ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) വിദ്യാഭ്യാസ ആവശ്യത്തിന് വില്ലേജാഫീസുകളിൽ നിന്നും നൽകുന്ന വിവിധ സർട്ടിഫിക്കറ്റുകളുടെ കാലാവധി വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (എ) വിദ്യാഭ്യാസം ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് നൽകുന്ന ജാതി സർട്ടിഫിക്കറ്റുകളിൽ പരിവർത്തിത ക്രൈസ്തവരുടെ ജാതി സർട്ടിഫിക്കറ്റിന്റെ സാധുതാ കാലയളവ് ഒരു വർഷമായും മറ്റ് വിഭാഗങ്ങളുടെ ജാതി സർട്ടിഫിക്കറ്റിന്റെ സാധുതാ കാലയളവ് മൂന്ന് വർഷമായും നിശ്ചയിക്കുന്നതിന് റവന്യൂ, പട്ടികജാതി പട്ടികവർഗ്ഗ വികസന & പിന്നോക്ക സമുദായ വികസന വകുപ്പുകളുടെ സംയുക്ത യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ജാതി സർട്ടിഫിക്കറ്റിന്റെ സാധുതാ കാലയളവ് സംബന്ധിച്ച നിലവിലുള്ള സർക്കാർ ഉത്തരവുകളിൽ ഭേദഗതി വരുത്തുന്ന കാര്യത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) കഴിഞ്ഞ എൽ.ഡി.എഫ് സർക്കാരിന്റെ കാലയളവിൽ വിവിധ സർട്ടിഫിക്കറ്റുകളുടെ കാലാവധി വർദ്ധിപ്പിച്ച് ഉത്തരവായ ശേഷം അത് വീണ്ടും കുറയ്ക്കുവാനുണ്ടായ സാഹചര്യമെന്തായിരുന്നുവെന്ന് വെളിപ്പെടുത്താമോ? | (ബി) 27/04/2007 ലെ സ.ഉ.(കൈ) നം. 136/2007/റവ നമ്പർ ഉത്തരവ് പ്രകാരം ജാതി സർട്ടിഫിക്കറ്റുകൾക്ക് കോടതി വിധി മൂലം മറിച്ച് തീരുമാനമില്ലെങ്കിൽ പത്ത് വർഷം കാലാവധി നിശ്ചയിച്ച് ഉത്തരവായിരുന്നു. എന്നാൽ ടി ഉത്തരവ് ദുരുപയോഗപ്പെടുത്തുന്നതായി വിവിധ സംഘടനകളിൽ നിന്ന് നിരവധി നിവേദനങ്ങളും ആക്ഷേപങ്ങളും ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ആയത് റദ്ദാക്കി ജാതി സർട്ടിഫിക്കറ്റുകൾ പ്രത്യേക ആവശ്യ |

ത്തിനായി മാത്രം നൽകവാൻ നിർദ്ദേശിച്ചുകൊണ്ട് 23/09/2008 ലെ സ.ഉ.(കൈ)നം.318/2008/റവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുക യാണുണ്ടായത്.

**സെക്ഷൻ ഓഫീസർ**